## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷന് കമ്മിറ്റിയുടെ 13.07.16-ന് 3.00 PM-ന് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വച്ച് നടന്ന യോഗ നടപടിക്കുറിപ്പ്.

1)30.06.2016-ലെ സ.ഉ(സാധാ)നം.2037/16/തസ്വഭവ പ്രകാരം ഉല്പ്പാദന മേഖലയ്ക്ക് 20%, മാലിന്യസംസ്കരണത്തിനായി 10% തുക വകയിരുത്തണമെന്ന് നിഷ്കർഷിച്ചിരുന്നു. ഈ വിഷയത്തിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 20% തുക കണക്കാക്കുന്നതിൽ വ്യക്തത വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് താഴെ പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

- ഉല്പ്പാദന മേഖലയ്ക്ക് 20% തുക കണക്കാക്കുന്നത് വികസനഫണ്ടിന്റെ സാധാരണ വിഹിതം , S.C.P ഫണ്ട് , T.S.P ഫണ്ട് ഇവയുടെ ആകെ തുകയിൽ നിന്നും നിർബന്ധിത വകയിരുത്തൽ കഴിച്ചുള്ള തുകയുടെ 20% ആണ് വകയിരുത്തേണ്ടത്. ജൈവവള നിർമ്മാണത്തിനും വിതരണത്തിനും ചെലവു ചെയ്യുന്ന തുക ഉല്പ്പാദന മേഖലയിൽ വകകൊള്ളിക്കാവുന്നതാണ്. ഉല്പ്പാദന മേഖലയ്ക്കുള്ള വകയിരുത്തൽ മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് 10% മതിയാകുന്നതാണ്.

- ശുചിത്വം, മാലിന്യസംസ്കരണം ഇവയ്ക്കു വകയിരുത്തേണ്ട 10% സാധാരണ വിഹിതം, S.C.P, T.S.P ഫണ്ട് , KLGSDP ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മീഷൻ ഫണ്ട് ഇവയുടെ ആകെ തുകയിൽ നിന്നും മുകളിൽപ്പറഞ്ഞ നിർബന്ധിത വകയിരുത്തൽ കിഴിച്ചുള്ള തുകയുടെ 10% ആയിരിക്കണം.

- ഉല്പ്പാദന മേഖലയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾ നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾ , ബ്ലോക്ക് പഞ്ചായത്തുകൾ വകയിരുത്തുന്ന 20% തുകയിൽ നിന്നും വിഹിതം നൽകാവുന്നതാണ്. ഗുണഭോക്താക്കളെ പഞ്ചായത്തിന്റെ ഗ്രാമസഭ വഴി തിരഞ്ഞെടുത്തതായിരിക്കണം.

- നിലവിലെ സർക്കാര് ഉത്തരവു പ്രകാരം ODF പ്രോജക്ടിന് വകയിരുത്തുന്ന തുക മേൽപ്പറഞ്ഞ ശുചിത്വം, മാലിന്യസംസ്കരണം ഇവയ്ക്കു വകയിരുത്തേണ്ട മിനിമം 10%-ൽ ഉൾക്കൊള്ളിക്കാവുന്നതാണ്. ODF ന് ആവശ്യമെങ്കിൽ കൂടുതൽ തുക വകയിരുത്താവു ന്നതാണ്.

- ODF ന് വേണ്ടി ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടിന് ഗ്രാമപഞ്ചായത്തുകള് ബ്ലോക്ക് പഞ്ചായത്തുകൾ ഈയിനത്തിൽ വകയിരുത്തുന്ന 10% തുകയിൽ നിന്നും വിഹിതം നൽകാവുന്നതാണ്.

- കക്കൂസ് നിർമ്മാണത്തിനുവേണ്ടി ശുചിത്വ മിഷൻ വഴി ലഭിക്കാവുന്ന തുകയ്ക്കുകൂടി പദ്ധതി രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിക്കുന്നതാണ്. ഇതിനുവേണ്ടി ലഭിക്കുന്ന കേന്ദ്രസഹായം വാലിഡേഷനിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഇതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ I.K.M വരുത്തേണ്ടതാണ്.

●കൈവശാവകാശ രേഖകളില്ലാത്ത വസ്തുക്കളിൽ താമസിക്കുന്ന കുടുംബങ്ങളിൽ റോഡിന്റെ അപകടകരമായ വളവുകള്, പുഴയുടെ ഹൈവാട്ടർ ലെവലിനു താഴെയുള്ള പുറമ്പോക്ക് ഭൂമി എന്നിവടങ്ങളിൽ താമസിക്കുന്നവരൊഴികെ ODF സ്കീമിൽപ്പെടുത്തി കക്കൂസുകൾ നൽകാവുന്നതാണ്.

●കക്കൂസ് നിർമ്മാണത്തിനുവേണ്ടി കേന്ദ്രസഹായം മാത്രം ഉൾപ്പെടുത്തി പ്രോജക്ട് വയ്ക്കുകയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിന് മാത്രമായി പ്രോജക്ട് വയ്ക്കുകയോ ചെയ്ത സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകൾ ഡ്രോപ്പ് ചെയ്ത് മുഴുവൻ തുകയും പദ്ധതി വിഹിതത്തിൽ നിന്നും ആദ്യം ചെലവു ചെയ്യുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്. ശുചിത്വ മിഷൻ വഴി കേന്ദ്രവിഹിതം കിട്ടുന്ന മുറയ്ക്ക് അത് അധിക വിഭവമായി വികസന പ്രോജക്ടുകൾക്ക് ചെലവു ചെയ്യാവുന്നതാണ്. ഇതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ I.K.M വരുത്തേണ്ടതാണ്.

**2) പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ പരിശീലനം നൽകുന്നത് സംബന്ധിച്ച്-**

പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികളെയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരെയും ഉൾപ്പെടുത്തി 3 മേഖലകളായി തിരിച്ച് ഏകദിന വർക്ക്ഷോപ്പ് നടത്തുന്നതിന് ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**നടപടി :** ഗ്രാമവികസന കമ്മീഷണർ **സമയം :** 31.07.2016-ന് മുമ്പ്.

**3) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓഫീസ് ഉപയോഗത്തിനായി വാടകയ്ക്ക് വാഹനം എടുക്കുന്നത് സംബന്ധിച്ച്-**

നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉപയോഗത്തിനുള്ള ഓഫീസ് വാഹനങ്ങൾക്കു പുറമെ അത്യാവശ്യ ഘട്ടങ്ങളിൽ ഓഫീസ് ആവശ്യത്തിനായി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകുന്നു. വാഹനം വാടകയ്ക്ക് എടുക്കുന്നത് ഏറ്റവും കുറഞ്ഞ കി.മീറ്റർ ചാർജില് മാസവാടക നിരക്കിൽ സുതാര്യമായ നടപടിക്രമങ്ങളിലൂടെ ആയിരിക്കണം.

**4) V.E..O മാരെ തുടരാൻ അനുവദിക്കുന്നത് സംബന്ധിച്ച്-**

പുതിയതായി നഗരസഭകളോടു കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിലെയും നഗരസഭകളാക്കി മാറ്റിയ പഞ്ചായത്തുകളിലെയും V.E..O മാർക്ക് ഈ ധനകാര്യ വർഷത്തേയ്ക്കു കൂടി അതാതു സ്ഥലങ്ങളിൽ തുടരുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു. ഇതിനുള്ള ഉത്തരവ് ഗ്രാമവികസന കമ്മീഷണർ പുറപ്പെടുവിക്കേണ്ടതാണ്.

**നടപടി :** ഗ്രാമവികസന കമ്മീഷണർ **സമയം :** ഉടനടി.

**5) നിലവിലുള്ള ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്-**

എല്ലാ വകുപ്പ് തലവൻമാരും അവരുടെ കീഴിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഉൾപ്പടെയുള്ള ഒഴിവുകൾ കണ്ടെത്തേണ്ടതും, പദ്ധതി നിർവ്വഹണം തടസ്സം കൂടാതെ നിർവ്വഹിക്കുന്നതിന്, പി.എസ്.സി ലിസ്റ്റ് നിലവിലില്ലാത്ത തസ്തികളിലെ ഒഴിവുകൾ, എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും ഒഴിവുകൾ ഇപ്പോൾ നിലവിലുള്ള ഉത്തരവുകൾ പ്രകാരം പ്രാദേശികമായി നികത്താവുന്നതാണ്.

**6) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങള് ടെണ്ടർ** നടപടികളിലൂടെ വാങ്ങുന്നതിന് അനുവാദം നൽകുന്നതിന് തീരുമാനിച്ചു. വാങ്ങുന്ന സാധനങ്ങൾക്ക് ടെണ്ടർ വിളിക്കുമ്പോൾ performance guarantee ആവശ്യപ്പെടേണ്ടതും അതിന് അനുസരിച്ചുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഇത്തരം സാധനങ്ങൾ Stock Register- ൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തണം.

**7) കുമാരപുരം ഗ്രാമപഞ്ചായത്തിന് കെൽട്രോണില് നിന്നും കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾ വാങ്ങിയതിന് തുക അനുവദിക്കുന്നത് സംബന്ധിച്ച്-**

കുമാരപുരം ഗ്രാമപഞ്ചായത്തിന് കെൽട്രോണില് നിന്നും കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾ വാങ്ങിയതിന് തുക നൽകുന്നതിന് അനുമതി നൽകുന്നു.

**8) കഠിനംകുളം ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചെലവ് നൽകുന്നത് സംബന്ധിച്ച്-**

കഠിനംകുളം ഗ്രാമപഞ്ചായത്ത് ഈ വിഷയം ഇലക്ട്രിസിറ്റി ബോർഡിന്റെ ബന്ധപ്പെട്ട ഓഫീസുമായി ചർച്ച ചെയ്യേണ്ടതും വൈദ്യുതി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അതിന് അനുസരി ച്ചിട്ടുള്ള തുക നൽകുവാന് നടപടി സ്വീകരിക്കേണ്ടതുമാണ്.

**9) ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന സംയുക്ത പ്ലാസ്റ്റിക്-ഇ-വേസ്റ്റ് നിർമ്മാർജ്ജന പദ്ധതി.**

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്ലാസ്റ്റിക്-ഇ-വേസ്റ്റ്നിർമ്മാർജ്ജന പദ്ധതി സംയുക്ത പ്രോജക്ടായി ഡി.പി.സി അംഗീകാരത്തോടെ നടപ്പിലാക്കേണ്ടതാണ്.

**10) മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകുട്ടി പരിപാലന പദ്ധതി സംബന്ധിച്ച്-**

ഇപ്പോൾ പദ്ധതി രൂപീകരണ ഗ്രാമസഭാ സമ്മേളനങ്ങൾ നടക്കുന്ന സമയമായതിനാൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതി ഗ്രാമസഭാ അനുമതിയോടുകൂടി നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

**11) കക്കാകൃഷി പദ്ധതിയ്ക്ക് സബ്സിഡി സംബന്ധിച്ച്-**

കക്കാകൃഷി പദ്ധതിയ്ക്ക് നിലവിലുള്ള മാർഗ്ഗരേഖയില് 'കല്ലിമ്മേക്കായ' കൃഷിയ്ക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകാവുന്നതാണെന്ന് തീരുമാനിച്ചു.

**12) മൊകേരി ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിര മാലിന്യപരിപാലന പദ്ധതിയിലെ തൊഴിലാളികൾക്ക് വേതനം നൽകുന്നത് സംബന്ധിച്ച്-**

തൊഴിലാളികൾക്ക് ആദ്യത്തെ 6 മാസം പദ്ധതിയിൽ നിന്നും അടുത്ത 6 മാസം തനതു ഫണ്ടിൽനിന്നും വേതനം നൽകുന്നതിന് അനുവാദം നൽകിയിരുന്നു. തുടർന്ന് വേതനം നൽകുന്നത് പ്രസ്തുത പ്രോജക്ടിൽ നിന്നുള്ള വരുമാനത്തിൽ നിന്നായിരിക്കണമെന്ന് നിരീക്ഷിച്ചു.

**13) കാഡ്കോയെ അംഗീകൃത ഏജൻസിയായി സുലേഖ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്-**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാഡ്കോയിൽ നിന്നും സ്റ്റീൽ, വുഡന് ഫർണിച്ചര് വാങ്ങുന്നതിന് അംഗീകൃത ഏജൻസിയായി സുലേഖയുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**14) പടിയൂർ ഗ്രാമപഞ്ചായത്തിന്റെ റോഡ് റിപ്പയർ പദ്ധതി സംബന്ധിച്ച്-**

പടിയൂർ ഗ്രാമപഞ്ചായത്തിനെയും പൂമംഗലം ഗ്രാമപഞ്ചായത്തിനെയും യോജിപ്പിക്കുന്ന കോടംകുളം - പുളിക്കലച്ചിറ റോഡ് നാലമ്പല ദർശനം പ്രമാണിച്ച് അടിയന്തിരമായി കുണ്ടുംകുഴിയും നികത്തി നന്നാക്കുന്നതിന് പടിയൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച 50,000/- രൂപയുടെ പ്രവൃത്തിയ്ക്ക് അനുമതി നൽകുന്നു.

**15) പ്രധാനമന്ത്രിയുടെ ആവാസ് യോജന (ഗ്രാമീൺ) (PMAY(G)) പദ്ധതി -പ്രത്യേക ഗ്രാമസഭ കൂടുന്നത് സംബന്ധിച്ച്-**

പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (PMAY(G)) പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷത്തില് വീടുകൾ അനുവദിക്കുന്നതിന് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിന് ആവശ്യമെങ്കിൽ പ്രത്യേക ഗ്രാമസഭകൾ ചേരാവുന്നതാണെന്ന് നിരീക്ഷിച്ചു.

**16) S.S.L.C, +2 പരീക്ഷകളിൽ മുഴുവൻ A+ നേടിയവരെ അനുമോദിക്കൽ സംബന്ധിച്ച്-**

പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ S.S.L.C, +2 , VHSC പരീക്ഷകളിൽ എല്ലാ വിഷയ ങ്ങൾക്കും A+ ലഭിച്ച വിദ്യാർത്ഥികളെയും 100% വിജയം നേടിയ സ്കൂളുകളെയും അനുമോദിക്കുന്ന തിനുള്ള പരിപാടിയുടെ ചിലവ് തനതു ഫണ്ടിൽ നിന്നും കണ്ടെത്തണമെന്ന് തീരുമാനിച്ചു.

**17) ഡി.പി.സി അംഗീകാരം-തീയതി നീട്ടുന്നത് സംബന്ധിച്ച്-**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഡി.പി.സി അംഗീകാരത്തിന് 2016 ജൂലൈ 31-വരെ സമയം അനുവദിക്കുന്നതിന് തീരുമാനിച്ചു.